(സി) നാടൻ അരി റേഷൻ കടകൾ വഴി വിതരണം നടത്തുമ്പോൾ പത്രമാധ്യമം വഴി കാർഡുടമകളെ അറിയിക്കാറുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം

136 [449] ശ്രീ. റോഷി അഗസ്റ്റിൻ:

" കെ. നാരായണക്കുറുപ്പ്:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര ക്വിന്റൽ നെല്ല് സർക്കാർ സംഭരിച്ചു എന്നറിയിക്കാമോ;

(ബി) ഇത് മുഖേന എത്രമാത്രം സാമ്പത്തിക നേട്ടം കാർഷിക രംഗത്ത് ലഭ്യമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കാൻ കഴിയുന്ന ഈ സംരംഭം ഒരു സ്ഥിരം സംവിധാനം ആക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷം വിവിധ സംഭരണ ഏജൻസികളിൽ നിന്ന് 521422 ക്വിന്റൽ നെല്ലും, കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്ന് നേരിട്ട് 613655.5 ക്വിന്റൽ നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സർക്കാർ സംഭരിച്ചു (ആകെ 1135077.50 ക്വിന്റൽ).

(ബി) ഏകദേശം 17 കോടി രൂപയുടെ നേട്ടം കൃഷിക്കാർക്ക് ലഭിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ സപ്ലൈസീസണിൽ വിപണി വില 7 രൂപയിൽ താഴ്ന്നുനിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും നെല്ല് സംഭരിക്കുവാൻ 6-9-2005-ലെ 32/05/എഫ്.സി.എസ്. & സി.എ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷൻ നടപടി എടുത്തിട്ടുണ്ട്. ഈ സംരംഭം ഒരു സ്ഥിര സംവിധാനമാക്കുന്നത് സംബന്ധിച്ച് ഇതുവരെ സർക്കാർ തലത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തൽ

137 [450] ശ്രീ. ടി. എം. തോമസ്:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ആരോപണങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ജുഡീഷ്യൽ അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ജുഡീഷ്യൽ അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് എന്തായിരുന്നു എന്നും കമ്മീഷന്റെ കാലാവധി എത്രമാസമാണ് എന്നും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സർക്കാരിന്റെ 17-5-2005-ലെ 15999/എസ്. എസ്. എ. 2/05/ ആഭ്യന്തരം നമ്പർ വിജ്ഞാപനം അനുസരിച്ച് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ 16-3-1995 മുതൽ 15-3-2005 വരെയുള്ള കാലയളവിൽ ഉണ്ടായ ക്രമക്കേടുകളെയും, വ്യാപാര സാധനങ്ങൾ ശേഖരിച്ചതിൽ ഉണ്ടായ അഴിമതികളെ പറ്റിയും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ റിട്ട. ജില്ലാ ജഡ്ജി ശ്രീ. ഇ. കെ. മുരളീധരനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(ബി) (1) 16-3-1995 മുതൽ 15-3-2005 വരെയുള്ള കാലഘട്ടത്തിൽ കോർപ്പറേഷൻ തുടർന്നുവന്ന വാങ്ങൽ നയവും നടപടിക്രമങ്ങളും എന്തൊക്കെയായിരുന്നു. ഈ വാങ്ങൽ നയത്തിലും നടപടി ക്രമത്തിലും എന്തെങ്കിലും വ്യതി ചലനങ്ങൾ ഉണ്ടായിട്ടുണ്ടോ?

(2) ഈ കാലഘട്ടത്തിൽ കോർപ്പറേഷൻ വ്യാപാര വസ്തുക്കൾ വാങ്ങിയതിൽ സാമ്പത്തികമായി എന്തെങ്കിലും ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോ? ഇത്തരം ക്രമക്കേടുകൾക്കെതിരെ തക്കസമയത്ത് ഫലപ്രദമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? വാങ്ങൽ നടത്തിയിട്ടുള്ളതിലെന്തെങ്കിലും ബാഹ്യ സ്വാധീനങ്ങൾ ഉണ്ടായിട്ടുണ്ടോ?

(3) എന്ത് നടപടികളാണ് കോർപ്പറേഷന്റെ സുതാര്യവും ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് സ്വീകരിക്കേണ്ടത്?

(4) എന്തെല്ലാം പരിഹാര നടപടികളാണ് ഭാവിയിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കുന്നത് തടയുവാൻ സ്വീകരിക്കേണ്ടത്?

കമ്മീഷന്റെ കാലാവധി 12 മാസമാണ്.

(സി) ഇല്ല.

ശ്രീചിത്രാ പുവർഹോമിലെ അന്തേവാസികൾക്ക് തൊഴിൽ

138 [451] ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly